പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3503 — 25.06.2012 ൽ മറുപടിക്ക്

## തിരുവല്ല പോലീസ് സ്റ്റേഷനു സമീപം പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | തിരുവല്ല പോലീസ് സ്റ്റേഷനു സമീപം പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ 2011 ആഗസ്റ്റ് മാസത്തിനകം മാറ്റുന്നതാണെന്ന് 2011 ജൂൺ മാസത്തിൽ സഭയിൽ സബ്മിഷന് നൽകിയ മറുപടി പാലിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഭാഗികമായി പാലിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ആയതിന്റെ പ്രായോഗിക തടസ്സം എന്തൊക്കെയാണ്; | (ബി) | കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും അവകാശികൾ ഇല്ലാത്തതുമായ വാഹനങ്ങൾ സമയപരിധിക്കുള്ളിൽ ലേലം ചെയ്തിട്ടുണ്ട്. എന്നാൽ തിരുവല്ല പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ വിവിധ കോടതികളിൽ വിചാരണയിൽ ഇരിക്കുന്ന കേസുകളിൽ പിടിക്കപ്പെട്ടിട്ടുളള വാഹനങ്ങളാണ് അധികവും. ഇവ കോടതി നിർദ്ദേശപ്രകാരം സൂക്ഷിച്ചു വരികയുമാണ്. കൂടാതെ മറ്റ് വകുപ്പുകൾ കസ്റ്റഡിയിൽ എടുത്ത് പോലീസ് വകുപ്പിനെ ഏൽപ്പിച്ചതനുസരിച്ച് പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചുവരുന്നതും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ആയതിനാൽ ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുവാൻ നിയമപരമായി സാധിക്കില്ല. |
| (സി) | ഈ വാഹനങ്ങൾ എന്ന് നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ? | | കേസിൽപ്പെട്ട വാഹനങ്ങൾ ബഹു. കോടതി തീർപ്പ് കൽപ്പിച്ചാൽ മാത്രമേ നീക്കംചെയ്യാൻ കഴിയുകയുള്ളു. മറ്റ് വകുപ്പുകൾ കസ്റ്റഡിയിൽ എടുത്ത് സൂക്ഷിക്കാൻ ഏൽപ്പിച്ച വാഹനങ്ങൾ നീക്കം ചെയ്യുവാൻ ആ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ